# പാഠം 11

ഒട്ടു മിക്ക ജീവികൾക്കുമുണ്ട് വാൽ. വാലല്ലാത്തതിനും നാം ചിലപ്പോൾ വാൽ എന്ന പറയും. ഒരു തുമ്പും വാലുമില്ല എന്ന് പ്രയോഗം ഉദാഹരണം. ഏതായാലും വാൽ എന്ന വാക്കാണ് നാം ഇനി പഠിക്കുന്നത്. വാലിന് **ദൈൽ** എന്നാണ് അറബിയിൽ പറയുക. ദൈൽ എന്നാൽ വാൽ എന്ന് മനസ്സിലായാൽ എഴുതിശീലിക്കുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| ذَيْل | ദൈൽ ذَ يْ ل | لْ | يْ | ذَ |
|---|---|---|---|---|
| എഴുതുന്ന രൂപം | വാൽ | ൽ | യ് | ദ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.
**നിയമം:** മലയാളത്തിൽ ദയ എന്ന പറയുന്ന ദ അല്ല ഇപ്പോൾ പഠിച്ചത്. ഒരു പുള്ളി ആ അക്ഷരത്തിനുള്ളതിനാൽ അൽപം സോഫ്റ്റായി പറയണം. നാവിന്റെ അഗ്രം മേലെ വരി പല്ലിന്റെ താഴെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ വെച്ചു വേണം അത് ഉച്ചരിക്കുവാൻ.

---

ചെന്നായ നമുക്ക് പരിചയമുള്ള നാമമാകുന്നു. അതിനെ കാണാത്തവരും കുറവായിരിക്കും. ചെന്നായക്ക് **ദിഅ്ബ്** എന്നാണ് അറബിയിൽ പറയുന്ന പേർ. ദിഅ്ബ് എന്നാൽ ചെന്നായ. ഈ വാക്ക് നല്ലത്പോലെ മനസ്സിലുറച്ചു ദിഅ്ബ് എന്ന് എഴുതുക.



| ذِئْب | ദിഅ്ബ് ذِ ئْ ب | بْ | ئْ | ذِ |
|---|---|---|---|---|
| എഴുതുന്ന രൂപം | ചെന്നായ | ബ് | അ് | ദി |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

**നിയമം:** ഈ ദ നേരത്തെ പറഞ്ഞ രീതിയിൽ സോഫ്റ്റായി ഉച്ചരിക്കണം.

---

കുറ്റം എന്ന പറഞ്ഞാൽ മനസ്സിലാകാത്തവർ ഉണ്ടാകില്ല. അത്രക്കും അധികമാണത്. ദൻപ് എന്ന പറഞ്ഞാൽ ആർക്കും മനസ്സിലാകണമെന്നില്ല. എന്നാൽ അറബിയിൽ തെറ്റുകുറ്റങ്ങൾക്ക് പല വാക്കുകളും ഉപയോഗിക്കുന്ന കൂട്ടത്തിൽ ഒരു വാക്ക് **ദൻപ്** എന്നാണ്. ദൻപ് എന്നാൽ തെറ്റുകുറ്റങ്ങൾ എന്ന് നന്നായി മനസ്സിലാക്കുക. എന്നിട്ട് എഴുതുക.

| ذَنْب | ദൻപ് ذَ نْ بْ | بْ | نْ | ذَ |
|---|---|---|---|---|
| എഴുതുന്ന രൂപം | തെറ്റ് | പ് | ൻ | ദ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.
**നിയമം:** ഈ ദ നേരത്തെ പറഞ്ഞ രീതിയിൽ സോഫ്റ്റായി ഉച്ചരിക്കണം.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| ദൈൽ | ذَيْل | ذَ يْ ل |
| ദിഅ്ബ് | ذِئْب | ذِ ئْ ب |
| ദൻപ് | ذَنْب | ذَ نْ ب |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:

